● ദർശനം



# ആന്തരിക ശൂന്യത

ജിദ്ദു കൃഷ്ണമൂർത്തി
വിവ : സുമൻ കെ.ബി.

അവൾ വലിയൊരു കുട്ട തലയിൽ ചുമന്നു. ഒരു കൈകൊണ്ട് താങ്ങ് നൽകിയ അതിന് ഭാരം ഏറെയുണ്ടെങ്കിലും അത് നടത്തത്തിന്റെ ഉലച്ചിലിൽ കണ്ടില്ല. ചുമടിനൊത്ത് ശരീരം ഭംഗിയായി തുലനം ചെയ്ത അവളുടെ കാലുകൾ അനായാസമായി താളത്തിൽ നീങ്ങി. കൈകളിലെ ലോഹവള പതിഞ്ഞു കിലുങ്ങി. അവളുടെ മെതിയടികൾ തേഞ്ഞു തീരാറായതാണ്. വളരെ നാളത്തെ ഉപയോഗത്തിൽ വസ്ത്രങ്ങളിൽ അഴുക്കും പോറലും നിറന്നിരുന്നു. പതിവായി ഒപ്പം പോകാറുള്ള കൂട്ടുകാരികൾ ഇന്നെത്തിയില്ല. ആ പരുക്കൻ നാട്ടുവഴിയിൽ അവൾ തനിയെ നടന്നു. സൂര്യൻ ഇനിയും ചൂട് പിടിച്ചില്ല. നീലാകാശത്തിന്റെ ഉച്ചിയിൽ കുറേ കഴുകന്മാർ ചിറകനക്കാതെ വലിയ വൃത്തങ്ങൾ വരച്ചു. നടപ്പാതക്കരികിൽ നദി നിശ്ശബ്ദമായിരുന്നു. ആ ശാന്തമായ പ്രഭാതത്തിലെ ചുമടേന്തി നടന്ന ഏകാകിയായ സ്ത്രീ എല്ലാ സൗന്ദര്യത്തിന്റെയും ധന്യതയുടെയും കേന്ദ്രീകരണമായിരുന്നു. എല്ലാം അവളെ ചൂണ്ടിക്കാണിച്ചു. അവളെ തങ്ങളുടെ ഭാഗമായി കണ്ടു. അവൾ വ്യത്യസ്ത സത്തയല്ലായിരുന്നു. എന്റെയും നിങ്ങളുടെയും ആ പുളിമരത്തിന്റെയും ഭാഗം. അവൾ എനിക്ക് മുന്നിലായിരുന്നില്ല. ആ ഭാരമേന്തി ഞാൻ നടന്നു. ഇതൊരു മിഥ്യാധാരണയോ ആഗ്രഹിച്ച് കൈവരുന്ന നിന്ദ്യമായ താദാത്മ്യമോ അല്ല. സ്വാഭാവികവും, പൊടുന്നനെ സംഭവിക്കുന്നതുമായ ഒരനുഭവം. ഞങ്ങളെ വേർതിരിച്ച അല്പമാത്ര ദൂരം മാഞ്ഞു. സമയവും, ഓർമ്മയും, ചിന്ത നിർമ്മിക്കുന്ന അകലവും ഒഴിഞ്ഞു. അവളെ ദർശിക്കുന്ന 'ഞാൻ' ഇല്ലായിരുന്നു. അവൾ മാത്രം. നഗരത്തിലേക്കുള്ള ദൈർഘ്യം ഏറിയ വഴിയാണത്. കുട്ടയിലെ സാധനങ്ങൾ വിറ്റഴിച്ച് സന്ധ്യയോടെ അവൾ മടങ്ങിയെത്തും. മുളയുടെ നൂൽപ്പാലം കടന്ന് അവളുടെ ഗ്രാമത്തിലേക്ക് പോകും. നിറകുട്ടയേന്തി നാളെയും ഇതിലെ വരും.

യൗവനം പിന്നിട്ട അയാൾ ഹൃദ്യമായ ചിരിയോടെ കടന്നുവന്ന് ചമ്രം പടിഞ്ഞിരുന്നു. ആരോഗ്യവും തീക്ഷ്ണതയും അയാളിൽ പ്രകടമാണ്. വളരെക്കാലം ഉപയോഗിക്കാതിരുന്ന് പൊടിപിടിച്ച ഇംഗ്ലീഷിനെയോർത്ത് അല്പം മടിയോടെ പറഞ്ഞുതുടങ്ങി. സംസ്കൃത സാഹിത്യത്തിൽ മുങ്ങിത്തപ്പിയ അയാൾ 'എം.എ.' ബിരുദം എടുത്തു. സംസ്കൃതപദങ്ങൾ ചുണ്ടുകളിൽ സദാസ്ഥാനം കണ്ടെത്തിയിരുന്നു. ആന്തരിക ശൂന്യതയെക്കുറിച്ച്, മനസ്സിന്റെ ശൂന്യത്വത്തെപ്പറ്റി ഏറെ ചോദ്യങ്ങളുമായാണത്രെ അയാൾ വന്നിരിക്കുന്നത്. അയാൾ ചില ശ്ലോകങ്ങൾ ചൊല്ലാൻ തുടങ്ങി. ശുദ്ധവും തീക്ഷ്ണവുമായ കമ്പനത്തിൽ മുറി സാന്ദ്രമായി. കുറച്ചു നേരം അയാൾ അത് തുടർന്നു. അതിൽ ലയിക്കുക ആനന്ദമായിരുന്നു. ആ പദങ്ങൾക്ക് അയാൾ നൽകുന്ന അർത്ഥവും, അതിനോടുള്ള അയാളുടെ അഭിനിവേശവും മുഖത്ത് പ്രകാശിച്ചു. തികഞ്ഞ ആത്മാർത്ഥ മൂടുപടങ്ങൾക്കും ഭാവിക്കലുകൾക്കും അപ്പുറത്തേക്ക് അയാളെ എത്തിച്ചിരുന്നു.

"താങ്കളുടെ സാമീപ്യത്തിൽ ഇത് ചൊല്ലാൻ കഴിഞ്ഞതിൽ സന്തോഷം തോന്നുന്നു. ഞാൻ അവയിൽ അതിയായ സൗന്ദര്യവും അർത്ഥവും കാണുന്നു. വർഷങ്ങൾ ഞാൻ അവയിൽ ധ്യാനിച്ചു. ശക്തിയുടെയും, വെളിച്ചത്തിന്റെയും ഉറവയാണവ. പെട്ടെന്ന് വികാര തരളിതനാവാതിരിക്കാൻ മനസ്സിനെ ഞാൻ ശീലിപ്പിച്ചു. എന്നാൽ ഇവയിൽ മനസ്സ് ആർദ്രമാവുന്നു. ആ വാക്കുകളുടെ ശബ്ദം, അവയിലെ സമൃദ്ധമായ അർത്ഥത്തോടെ ഹൃദയം കവിയുമ്പോൾ ജീവിതം സമരവും, ദുരിതവും അല്ലാതാകുന്നു. മറ്റെല്ലാ മനുഷ്യരെപ്പോലെ ഞാനും

ജീവിതത്തിന്റെ ദുഃഖമറിഞ്ഞു. മരണവും ജീവിതക്ലേശങ്ങളും. അച്ഛന്റെ തണലിൽ നിന്നും മാറും മുമ്പേ ഭാര്യ മരിച്ചു. ഞാനിപ്പോൾ സ്വയം വരിക്കുന്ന ദാരിദ്ര്യത്തിന്റെ അർത്ഥം അറിയുന്നു. ഇതെല്ലാം പരിചയപ്പെടുത്തൽ എന്ന രൂപത്തിൽ പറയുന്നതാണ്. ഇന്ന് ഞാൻ അതൃപ്തനോ, ഒറ്റപ്പെട്ടവനോ, അങ്ങനെ മറ്റെന്തെങ്കിലുമോ അല്ല. ഹൃദയം എത്രയോ കാര്യങ്ങളിൽ ആനന്ദം കണ്ടെത്തുന്നു. അച്ഛൻ നിങ്ങളുടെ പ്രഭാഷണങ്ങളെപ്പറ്റി പറയാറുണ്ട്. ഒരു സുഹൃത്ത് നിങ്ങളെ കാണാൻ നിർബന്ധിച്ചു അതിനാലിവിടെ ഞാൻ എത്തിപ്പെട്ടു."

"താങ്കൾക്ക് അനന്തമായ ശൂന്യതയെക്കുറിച്ച് സംസാരിക്കാമോ? പലപ്പോഴും ആ ശൂന്യതയുടെ സാമീപ്യം എനിക്കുണ്ടായി. എന്റെ ധ്യാനങ്ങളിലും സഞ്ചാരങ്ങളിലും ഞാൻ അത് സ്പർശിച്ചിട്ടുണ്ടെന്ന് തോന്നുന്നു." അയാൾ തന്റെ അനുഭവങ്ങൾ വ്യാഖ്യാനിക്കാനും ന്യായീകരിക്കാനുമായി ഒരു ശ്ലോകം ചൊല്ലി.

മറ്റൊരാളുടെ വ്യാഖ്യാനം. അത് എത്ര ഉന്നതന്റെ ആയാലും, നിങ്ങളുടെ അനുഭവത്തിന്റെ തെളിവാകുമോ? സത്യത്തിന് പ്രകാശനത്തിന്റെ തെളിവ് വേണ്ട. അതിന് വിശ്വാസപ്രമാണങ്ങളുടെ സമ്മതപത്രവും ആവശ്യമില്ല. അതിനാൽ വിശ്വാസപ്രമാണങ്ങളും പാരമ്പര്യവും മാറ്റിവെച്ച് ഈ കാര്യത്തിന്റെ സത്യാവസ്ഥയിലേക്ക് പ്രവേശിക്കാൻ കഴിയുമോ എന്ന് നോക്കാം.

"അത് എനിക്ക് പ്രയാസമായിരിക്കും. എന്റെ വേരുകൾ പാരമ്പര്യത്തിലാണ്. ഭൗതികതയിലേ അല്ല. ഗീതയുടെയും ഉപനിഷത്തുകളുടെയും മറ്റും. അതെല്ലാം കൈയ്യൊഴിയുന്നത് ശരിയാണോ? അത് എന്റെ ഭാഗത്തു നിന്നുള്ള നന്ദികേടാവില്ലേ?"

നന്ദിയോ നന്ദികേടോ ഇവിടെയില്ല. താങ്കൾ പറഞ്ഞ ശൂന്യതയുടെ സത്യാവസ്ഥ മനസ്സിലാക്കാനാണ് നാം ശ്രമിക്കുന്നത്. അധീനതയുടെയും, പാരമ്പര്യത്തിന്റെയും വഴിയിൽ, അതായത് അറിവിന്റെ വഴിയിൽ, അവയുടെ സഹായത്തിൽ അനുഭവിക്കുന്നത് നാം സങ്കല്പിക്കുന്നത് മാത്രമായിരിക്കും. അതൊരു കണ്ടുപിടുത്തമല്ല, എന്നാൽ മുമ്പേ അറിഞ്ഞത്, തിരിച്ചറിഞ്ഞനുഭവിക്കലാണ്. പിന്നെ പാരമ്പര്യവും വിശ്വാസപ്രമാണങ്ങളും തെറ്റാവാമല്ലോ. അത് ആശ്വാസമേകുന്ന മിഥ്യാധാരണകളാവാം. ആ ശൂന്യത സത്യമോ, മിഥ്യയോ എന്നറിയാൻ, അത് യഥാർത്ഥമോ കല്പിതമോ എന്നറിയാൻ, മനസ്സ് പാരമ്പര്യവും, വിശ്വാസപ്രമാണങ്ങളും പാകിയ വലയിൽ നിന്നും വിമുക്തമാകണം.

"മനസ്സിന് അതിന് കഴിയുമോ?"

മനസ്സിന് സ്വയം സ്വതന്ത്രമാകാനാവില്ല. സ്വതന്ത്രമാകാനുള്ള അതിന്റെ ശ്രമങ്ങൾ പുതിയ വല നെയ്യലാവുകയും മനസ്സ് അതിൽ പെടുകയും ചെയ്യുന്നു. സ്വാതന്ത്ര്യം ഒന്നിന്റെയും വിപരീതമല്ല. സ്വതന്ത്രമാവുകയെന്നാൽ എന്തിൽ നിന്നെങ്കിലും സ്വതന്ത്രമാകലല്ല. അത് കെട്ടുപാടുകളിൽ നിന്നുള്ള മോചനമല്ല. സ്വതന്ത്രമാകാനുള്ള തൃഷ്ണ പുതിയ കെട്ടുപാടായി മാറും. സ്വാതന്ത്ര്യം സ്വതന്ത്രമാകാനുള്ള ശ്രമങ്ങളുടെ പരിണിതഫലമായ അവസ്ഥ അല്ല. മനസ്സ് ഇത് കാണുമ്പോൾ, പിന്നെ പാരമ്പര്യത്തിന്റെയും പ്രമാണങ്ങളുടെയും ആധിപത്യത്തിന്റെ അപകടം മനസ്സിലാക്കുമ്പോൾ, തെറ്റായത് താനേ പൊഴിഞ്ഞു പോകുന്നു.

"എന്റെ വായന, വായനയെ ആസ്പദമാക്കിയ ചിന്ത, കൽപിതമായ ചില അവസ്ഥകൾ രൂപപ്പെടുത്തിയതാവാം. എന്നാൽ അതിനുപരി ഒരു സ്വപ്നത്തിലെന്ന പോലെ ബാല്യം തൊട്ടേ അതിന്റെ സാമീപ്യം ഞാനറിഞ്ഞു. അതിന്റെ സൂചന, അതിനോടുള്ള ഗൃഹാതുരത്വം എന്നും എന്നെ പിന്തുടർന്നു. വളർന്നതിനൊപ്പം, മതഗ്രന്ഥപഠനം ആ ത്വരയ്ക്ക് തീക്ഷ്ണതയും, ദിശയും നൽകി. പക്ഷേ നിങ്ങൾ പറയുന്നതെന്തെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. വിശുദ്ധ ഗ്രന്ഥങ്ങളിലെ മറ്റുള്ളവരുടെ വ്യാഖ്യാനങ്ങളെയും, അനുഭവങ്ങളെയും പൂർണ്ണമായും ഞാൻ അവലംബിച്ചു. ഈ ആശ്രിതത്വം എനിക്കിന്ന് വലിച്ചെറിയാം. കാരണം, അതിന്റെ അനിവാര്യത ഞാൻ മനസ്സിലാക്കുന്നു. എന്നാൽ വാക്കിനപ്പുറമുള്ള മലിനമാവാത്ത ആ യാഥാർത്ഥ്യം പുനരുദ്ധരിക്കാനാവുമോ?"

പുനരുദ്ധരിക്കപ്പെടുന്നത് ജീവിക്കുന്നതല്ല. നൂതനമായത്. അത് മൃതമായ ഓർമ്മയാണ്. മൃതമായതിൽ ജീവൻ വെപ്പാൻ സാദ്ധ്യമല്ല. പുനരുദ്ധരിച്ച് ആ ഓർമ്മയിൽ ജീവിക്കുന്നത് ഒരു തരം ഉത്തേജകത്തിന് അടിപ്പെടലാണ്. അറിഞ്ഞോ അറിയാതെയോ, ഉത്തേജകങ്ങൾക്കടിമയാകുന്ന മനസ്സ് ക്രമേണ മന്ദവും, സംവേദനക്ഷമമല്ലാത്തതുമാകുന്നു. പുനരുദ്ധാനം പ്രശ്നങ്ങളുടെ ശാശ്വതീകരണമാണ്. ആസന്നമായ പ്രതിസന്ധിയിൽ പ്രശ്നപരിഹാരത്തിനായി മൃതമായ ഭൂതകാലത്തിലേക്ക് തിരിയുമ്പോൾ, നാശത്തിൽ വേരിറങ്ങിയ ജീവിതമാതൃക തേടലാവും ഫലം. ബാല്യത്തിലോ, ഇന്നലെയൊ സംഭവിച്ചത് മറഞ്ഞു പോയ്ക്കഴിഞ്ഞു, ഭൂതകാലത്തിൽ പിടിച്ചു തൂങ്ങിയാൽ ഇന്നിന്റെ നവീനാനുഭവത്തിന് നിങ്ങൾ പ്രതിബന്ധമിടുന്നു.

"താങ്കൾക്ക് മനസ്സിലാക്കാവുന്നതുപോലെ ആ ശൂന്യത്വമറിയുന്നതും അതിന്റെ ഭാഗമാവുന്നതും എന്റെ അടക്കാനാവാത്ത ആഗ്രഹമായിരിക്കുന്നു. ഞാൻ എന്താണ് ചെയ്യേണ്ടത്?"

അറിഞ്ഞതിൽനിന്നും മനസ്സ് മുക്തമാകണം. ശേഖരിച്ചുവെച്ചിരിക്കുന്ന അറിവ് ഉണർന്നിരിക്കുന്ന മനസ്സിൽ ഇടപെടാതിരിക്കണം. അറിവ് ഭൂതകാലത്തിന്റേതാണ്. അത് ഭൂതകാലത്തിന്റെ ചലനമാണ്. മനസ്സ് ഈ പ്രക്രിയയിൽനിന്നും മുക്തമാവണം. തിരിച്ചറിവ് ഈ പ്രക്രിയയുടെ ഭാഗമാണ്. തോന്നുന്നുണ്ടോ?

"അതെങ്ങനെ ആവും?"

എന്തെങ്കിലും തിരിച്ചറിയണമെങ്കിൽ അത് മുന്നേ അറിഞ്ഞതോ, അനുഭവിച്ചതോ ആവണം. ആ അനുഭവം അറിവായി, ഓർമ്മയായി ശേഖരിക്കപ്പെടണം. തിരിച്ചറിയൽ ഭൂതകാലത്തിന്റേതാണ്. നിങ്ങൾ ശൂന്യത ഒരിക്കൽ

അനുഭവിച്ചിരിക്കാം. ആ അനുഭവം നിങ്ങളെ അതിനായി തൃഷ്ണകുലനാക്കുന്നു. യഥാർത്ഥ അനുഭവം, തേടിപ്പോവാതെ തന്നെ നിങ്ങളിൽ സംഭവിച്ചു. എന്നാൽ ഇന്ന് നിങ്ങളതിനു പിന്നാലെയാണ്. നിങ്ങൾ തിരയുന്നത് ശൂന്യതയല്ല. പഴയൊരോർമ്മയുടെ പുനരുദ്ധാനമാണ്. ഇനിയത് വിലീന മാവണമെങ്കിൽ, അതിന്റെ ഓർമ്മകളും, അറിവും അപ്രത്യക്ഷമാകണം. എല്ലാ തേടലുകളും ഒടുങ്ങണം. കാരണം, തേടലുകൾ കൈക്കലാക്കാനുള്ള ആഗ്രഹത്തിന്റെ ഭാഗമാണ്.

"ഞാൻ അത് തിരയുന്നത് നിർത്തണമെന്നാണോ താങ്കൾ പറയുന്നത്? വിശ്വസിക്കാൻ കഴിയുന്നില്ല."

അന്വേഷണത്തേക്കാൾ പ്രധാനം അന്വേഷണത്തിന്റെ പ്രേരകമെന്തെന്നതാണ്. പ്രേരകം തിരയലിൽ പ്രാപിക്കുകയും അതിനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യും. നിങ്ങളുടെ തേടലിന് പ്രേരകം അറിയപ്പെടാത്തത് അനുഭവിക്കലും, ആ ആനന്ദവും അപാരതയും അറിയലുമാണ്. ഈ ആഗ്രഹം ഇത് അനുഭവിക്കേണ്ട അനുഭോക്താവിന് ജന്മം നൽകുന്നു. അനുഭോക്താവ് വിസ്തൃതവും ആഴമേറിയതുമായ അനുഭവങ്ങൾ കാംക്ഷിക്കുകയാണ്. മറ്റു അനുഭവങ്ങളിൽ പ്രതിപത്തി നഷ്ടമായ അവനിന്ന് ശൂന്യതയുടെ പുറകെയാണ്. അതിനാൽ അനുഭോക്താവും, അനുഭവിക്കേണ്ട അവസ്ഥയും നിലവിൽ വരുന്നു. തേടുന്ന വസ്തുവും തേടുന്നവനും തമ്മിലെ നിരന്തര സമരത്തിന്റെ ഭാഗമായി അത് മാറുന്നു.

"ഇപ്പറയുന്നത് എനിക്ക് പൂർണ്ണമായും മനസ്സിലാക്കാം. ഇന്നത്തെ എന്റെ അവസ്ഥ ശരിക്കും അതാണ്. ഞാൻ പാകുന്ന വലയിൽ തന്നെയാണ് ഞാൻ കുരുങ്ങുന്നതെന്ന് തോന്നുന്നു."

സത്യത്തെയും, ശൂന്യതയെയും, ദൈവത്തെയും തേടുന്നവർ മാത്രമല്ല, മറ്റെല്ലാ അന്വേഷകരും ഇപ്രകാരം തന്നെ. സ്വാർത്ഥരും ദുരാഗ്രഹികളുമായി പണവും, പ്രതാപവും, അധികാരവും തേടുന്നവരും ആദർശവാദികളും, ദേശീയവാദികളും സമത്വസുന്ദരസമൂഹം കെട്ടിപ്പടുക്കാൻ തുനിയുന്നവരും എല്ലാം ഈ വലയിൽതന്നെ. പക്ഷെ തേടലിന്റെ ആന്തരിക സ്വഭാവമറിഞ്ഞാൽ, പിന്നെ നിങ്ങൾ ഈ ശൂന്യതയുടെ പുറകെ പോവുമോ?

"താങ്കളുടെ ചോദ്യത്തിന്റെ അന്തരാർത്ഥം ഞാൻ മനസ്സിലാക്കുന്നു. എന്റെ തേടലുകൾ ഇപ്പോഴെ നിലച്ചിരിക്കുന്നു."

ഇതൊരു യാഥാർത്ഥ്യമെങ്കിൽ തേടലുകൾ ഒടുങ്ങിയ മനസ്സിന്റെ നിലയെന്താണ്?

"പെട്ടെന്ന് പറയാൻ കഴിയില്ല. ഇതെല്ലാം എനിക്ക് പുതിയതാണ്. ശാന്തമായി ഇതിലേക്ക് കടക്കേണ്ടിയിരിക്കുന്നു. ഇനിയും തുടരുംമുമ്പ് കുറച്ച് സമയം തരണം."

ഇടവേളയ്ക്കുശേഷം അയാൾ തുടർന്നു.

"അതെത്ര സൂക്ഷ്മമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അനുഭോക്താവ് നിരീക്ഷകൻ ഇടപെടാതിരിക്കുക എന്നത് എത്രയും പ്രയാസകരമാണ്. ചിന്ത, ചിന്തകനെ സൃഷ്ടിക്കാതിരിക്കുക എന്നത് അസാധ്യമായി തോന്നുന്നു. എന്നാൽ അനുഭോക്താവ്, ചിന്തകൻ നിലനിൽക്കുവോളം അനുഭവിക്കേണ്ട അവസ്ഥയും അനുഭവിക്കേണ്ടവനും തമ്മിലെ വിടവും, വൈരുദ്ധ്യവും ഉണ്ടാവാതെ തരമില്ല. വൈരുദ്ധ്യങ്ങളില്ലാത്ത മനസ്സിന്റെ അവസ്ഥ എന്തെന്നല്ലെ താങ്കളുടെ ചോദ്യം?"

ആഗ്രഹം അനുഭോക്താവിന്റെ രൂപം പൂണ്ട് അനുഭവിക്കേണ്ടത് തേടാൻ തുടങ്ങുമ്പോൾ സംഘർഷം തുടങ്ങുകയായി. അനുഭവിക്കേണ്ടതെന്തെന്ന് തീരുമാനിക്കുന്നതും ആഗ്രഹം തന്നെ.

"എന്നിൽ ക്ഷമയുണ്ടാവണം. നിങ്ങൾ പറയുന്നതെന്തെന്ന് ഞാൻ മനസ്സിലാക്കട്ടെ. ആഗ്രഹം അനുഭോക്താവിന്, നിരീക്ഷകന് മാത്രമല്ല; അനുഭവിക്കേണ്ട, നിരീക്ഷിക്കേണ്ട അവസ്ഥക്കും രൂപം നൽകുന്നു. അതിനാൽ അനുഭോക്താവും, അനുഭവിയ്ക്കേണ്ട അവസ്ഥയും തമ്മിലെ വിഭജനത്തിനു കാരണം ആഗ്രഹമാണ്. ഈ വിടവ് സംഘർഷത്തെ പരിപാലിക്കുന്നു. താങ്കളുടെ ചോദ്യം വൈരുദ്ധ്യങ്ങളില്ലാത്ത മനസ്സിന്റെ, ആഗ്രഹങ്ങളുടെ തള്ളിച്ചയില്ലാത്ത മനസ്സിന്റെ അവസ്ഥയെന്തെന്നാണല്ലൊ? എന്നാൽ ആഗ്രഹങ്ങളൊഴിഞ്ഞ അവസ്ഥ നിരീക്ഷിക്കുന്ന നിരീക്ഷകനില്ലാതെ ഈ ചോദ്യത്തിന് ഉത്തരം നൽകാനൊക്കുമൊ?"

സ്വന്തം വിനയത്തെപ്പറ്റി ഒരാൾ ബോധവാനായാൽ വിനയം നിലനിൽക്കുമൊ? മനപ്പൂർവം നന്മ ആചരിക്കുമ്പോൾ നന്മ ഉണ്ടാവുമൊ? ആചരണങ്ങൾ സ്വയം കേന്ദ്രീകരണത്തിന് ആക്കം കൂട്ടുകയും, അതിനാൽ നന്മയ്ക്ക് വിരാമമിടുകയും ചെയ്യുന്നു. സന്തോഷവാനെന്ന് സ്വയം ബോധവാനാകുമ്പോൾ സന്തോഷം ഇല്ലാതാവുന്നു. ആഗ്രഹങ്ങളുടെ വൈരുദ്ധ്യത്തിൽ കുരുങ്ങാത്ത മനസ്സിന്റെ അവസ്ഥയെന്താണ്? ഇത് കണ്ടെത്താനുള്ള ത്വര, അനുഭവത്തെയും അനുഭോക്താവിനെയും സൃഷ്ടിക്കുന്ന ആഗ്രഹത്തിന്റെ ഭാഗമല്ലെ?

അത് ശരിയാണ്. താങ്കളുടെ ചോദ്യം എനിക്കുള്ള കെണിയായിരുന്നു. എന്നാൽ അത് ചോദിച്ചതിൽ ഞാൻ സന്തുഷ്ടനാണ്. ആഗ്രഹത്തിന്റെ സൂക്ഷ്മ നിഗൂഢതകൾ ഞാൻ കാണാൻ തുടങ്ങുകയാണ്.

അത് ഒരു കെണിയായിരുന്നില്ല. നിങ്ങളുടെ ആരായലുകളിൽ നിങ്ങൾക്ക് ഒഴിവാക്കാനാവാത്ത ഒരു സ്വാഭാവിക ചോദ്യമാണത്. മനസ്സ് ജാരുഗമല്ലെങ്കിൽ, സുക്ഷ്മ ഗ്രാഹിയല്ലെങ്കിൽ അതിന്റെ തന്നെ ആഗ്രഹങ്ങളുടെ വലയിൽ പെട്ടുപോകും.

"ഒരു അവസാന ചോദ്യം. അനുഭവിക്കേണ്ട അവസ്ഥയും അനുഭോക്താവും തമ്മിലെ വിഭജനത്തിനു കാരണമായ അനുഭവിക്കാനുള്ള ആഗ്രഹത്തിൽ നിന്നും മനസ്സിന് പൂർണ്ണമായും മുക്തമാകാൻ കഴിയുമോ?"

കണ്ടെത്തു സുഹൃത്തേ, ആഗ്രഹങ്ങളുടെ ശൃംഖലയിൽ നിന്ന് പൂർണ്ണമായും മോചിതമായ മനസ്സ് ശൂന്യതയിൽ നിന്നും വിഭിന്നമാണോ?

●●●